# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2186 – 26.03.2013-ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ

| ചോദ്യം<br>ശ്രീ. സാജു പോൾ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) വിദ്യാഭ്യാസ വായ്പ എടുത്തവരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട് |
| (ബി) വിദ്യാഭ്യാസത്തിന് ശേഷം തൊഴിൽ കിട്ടാതെ വന്നവർക്ക് അവരുടെ വായ്പയുടെ പലിശ ഇളവ് ചെയ്തുകൊടുക്കാൻ തയ്യാറാകുമോ; | 2004 മുതൽ 2009 വരെയുള്ള കാലത്ത് വിദ്യാഭ്യാസ വായ്പയെടുത്ത ബി.പി.എൽ വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരുടെ പഠനകാലത്തെ പലിശ ബാധ്യത സ.ഉ.42/12/പ്ലാനിംഗ് തീയതി 15.12.2012 പ്രകാരം സർക്കാർ ഇളവ് ചെയ്ത് ഉത്തരവായിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആകെ എത്രപേർക്ക് ഈ ആനുകൂല്യം കിട്ടി എന്ന് വ്യക്തമാക്കാമോ;ഇങ്ങനെ എത്ര തുകയാണ് ഒഴിവാക്കിയത്; വിശദമാക്കാമോ; | 15.12.2012-ലെ 42/12/പ്ലാനിംഗ് നമ്പരിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ വിഭാഗങ്ങൾക്ക് പലിശയിളവനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. സംസ്ഥാനത്താകെ 14587 അപേക്ഷകൾ പലിശയിളവനുവദിക്കുന്നതിനായി ലഭിച്ചിട്ടുണ്ട്. ഈ പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ പലിശ സബ്സിഡി തുകയുടെ കണക്ക് ലഭ്യമാകുകയുള്ളു. |
| (ഡി) ബി.പി.എൽ വിഭാഗക്കാർക്ക് നൽകിയ പലിശ ഇളവ് ആനുകൂല്യം എ.പി.എൽ കാർക്ക് കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ? | 3 ലക്ഷം രൂപ വരെ വാർഷികാദായ പരിധിയ്ക്കകത്ത് വരുന്ന എ.പി.എൽ വിഭാഗത്തിനും കൂടി വിദ്യാഭ്യാസ വായ്പയുടെ പലിശയിളവ് വ്യാപിപ്പിച്ചു നൽകുമെന്ന തീരുമാനം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ